C 82393-C (Pages : 4) Name.......................................

Reg. No...................................

**SECOND SEMESTER (CBCSS-UG) DEGREE EXAMINATION, APRIL 2020**

Malayalam

MAL 2A 08 (1)—MALAYALA SAHITHYAM–2

(Multiple Choice Questions for SDE Candidates)

| Time : 15 Minutes | Total No. of Questions : 20 | Maximum : 20 Marks |
|---|---|---|

## INSTRUCTIONS TO THE CANDIDATE

1. This Question Paper carries Multiple Choice Questions from 1 to 20.
2. The candidate should check that the question paper supplied to him/her contains all the 20 questions in serial order.
3. Each question is provided with choices (A), (B), (C) and (D) having one correct answer. Choose the correct answer and enter it in the main answer-book.
4. The MCQ question paper will be supplied after the completion of the descriptive examination.

CHMK LIBRARY UNIVERSITY OF CALICUT

MAL 2A 08 (1)—MALAYALA SAHITHYAM–2

(Multiple Choice Questions for SDE Candidates)

1. മലയാളത്തിലെ ഏറ്റവുമധികം വിവാദങ്ങളുയർത്തിയ ഒരു ശ്ലോകമാണ് നളിനീ കാവ്യത്തിലെ ———— എന്ന് തുടങ്ങുന്ന ശ്ലോകം :

   (A) ഇത്ര ധന്യത തികഞ്ഞു കാണ്മതില്ല ————.

   (B) സന്തതം മിഹിരനാത്മ ശോഭയും ————.

   (C) തൽപരത്വമവനാർന്നിരുന്നു ————.

   (D) കണ്ടതില്ലവർ പരസ്പരം.

2. സൂര്യകാന്തി എന്ന കവിത ആദ്യമായി പുറത്തിറങ്ങിയ വർഷം :

   (A) 1932. (B) 1931.

   (C) 1930. (D) 1933.

3. സൂര്യകാന്തിയുടെ പ്രണയത്തിന് കവിയുടെ മസോക്കിസ്റ്റ് ഘടനയുമായി ബന്ധമുണ്ടെന്ന് സൂചിപ്പിച്ചതാര് ?

   (A) സുകുമാർ അഴീക്കോട്. (B) ഡി. ബെഞ്ചമിൻ.

   (C) എം. ലീലാവതി. (D) കെ.എം. വേണുഗോപാൽ.

4. ഇടപ്പള്ളി രാഘവൻപിള്ള ആത്മഹത്യ ചെയ്തത് ഏതു വർഷം ?

   (A) 1935. (B) 1936.

   (C) 1934. (D) 1937.

5. മണിനാദത്തിൽ എത്ര ഖണ്ഡങ്ങളായാണ് ആഖ്യാനം നിർവഹിച്ചിട്ടുള്ളത് ?

   (A) 3. (B) 4.

   (C) 5. (D) 6.

6. 2019-ൽ ജ്ഞാനപീഠ പുരസ്കാരം ലഭിച്ച മലയാള കവി :

   (A) ഒ.എൻ.വി. കുറുപ്പ്. (B) അക്കിത്തം അച്ചുതൻ നമ്പൂതിരി.

   (C) സച്ചിദാനന്ദൻ. (D) സുഗതകുമാരി.

7. ഇടിഞ്ഞ് പൊളിഞ്ഞ ലോകം ആരുടെ കവിത ?

   (A) ജി. ശങ്കരകുറുപ്പ്. (B) ഇടപ്പള്ളി രാഘവൻ പിള്ള.

   (C) അയ്യപ്പപണിക്കർ. (D) അക്കിത്തം.

CHMK LIBRARY UNIVERSITY OF CALICUT

8. കുരുക്ഷേത്രം എന്ന കവിത ആദ്യമായി പ്രസിദ്ധീകരിച്ച വാരികയേത് ?

(A) ഗ്രാമബന്ധു. (B) ദേശബന്ധു.

(C) ദേശാഭിമാനി. (D) രാജാഭിമാനി.

9. അയ്യപ്പപണിക്കരുടെ കവിതകളിൽ വിചിത്രമായ അർത്ഥ കൽപ്പനകളുള്ള ഒരു കവിതയാണ് :

(A) മൃത്യു പൂജ. (B) കുടുംബ പുരാണം.

(C) പുരൂരവസ്. (D) കുതിരക്കൊമ്പ്.

10. കുതിരക്കൊമ്പ് അന്വേഷിച്ച് നടക്കുന്നതാരാണ് ?

(A) രാജകുമാരൻ. (B) സൂതകുമാരൻ.

(C) മന്ത്രികുമാരൻ. (D) പ്രഭുകുമാരൻ.

11. കുതിരക്കൊമ്പ് എന്ന കവിതയുടെ ആഖ്യാനരീതി എപ്രകാരമുള്ളതാണ് ?

(A) നാടകീയാഖ്യാനം. (B) നാടോടി മട്ടിലുള്ള കഥാഖ്യാനരീതി.

(C) കാൽപനിക കാവ്യരീതി. (D) സ്വഗതാഖ്യാനം.

12. വാടിയ പൂക്കളോടല്ല ഇനിയുമുണരേണ്ട മൊട്ടുകളോടാണ് കഥ പറയേണ്ടത് എന്നതിലൂടെ ആരോടാണ് തനിക്ക് പറയാനുള്ളത് എന്നാണ് കവി അർത്ഥമാക്കുന്നത് :

(A) കുശിനിക്കാരനോട്. (B) മധുഭാഷിണിയോട്.

(C) സൂതകുമാരനോട്. (D) പുതിയ തലമുറയോട്.

13. ആധുനികതയേയും പാരമ്പര്യത്തെയും ചേർത്തു വെച്ച ഒരു കവിയാണ് :

(A) അയ്യപ്പപണിക്കർ. (B) മാധവൻ അയ്യപ്പത്ത്.

(C) ആറ്റൂർ രവിവർമ്മ. (D) സച്ചിദാനന്ദൻ.

14. പുത്തൻചൊല്ല് എന്ന കവിതയുടെ സ്വഭാവം എത്തരത്തിലുള്ളതാണ് ?

(A) കഥാകാവ്യം. (B) ഉദ്ബോധനാത്മകം.

(C) കാൽപ്പനികം. (D) നാടകീയാഖ്യാനം.

CHMK LIBRARY UNIVERSITY OF CALICUT

15. 'അമ്മയെ കുളിപ്പിക്കുമ്പോൾ എന്ന കവിത മുന്നോട്ട് വെക്കുന്ന ആശയമെന്ത് ?

(A) വാർദ്ധക്യം വെറുക്കപ്പെടേണ്ടതാണ്. (B) വാർദ്ധക്യത്തിൽ അതിയായ കരുതൽ വേണം.

(C) വാർദ്ധക്യത്തെ അവഗണിക്കണം. (D) വാർദ്ധക്യം അനാഥമാണ്.

16. കെ.പി. അപ്പന്റെ മരണത്തിന്റെ സൗന്ദര്യം എന്ന ലേഖനം ആരെക്കുറിച്ചുള്ള നിരീക്ഷണങ്ങളാണ് ?

(A) വി.സി. ബാലകൃഷ്ണ പണിക്കർ. (B) കുമാരനാശാൻ.

(C) ഇടപ്പള്ളി രാഘവൻ പിള്ള. (D) രാജലക്ഷ്മി.

17. മരണത്തിന്റെ സൗന്ദര്യം ഇടപ്പള്ളിയെ ലഹരി പിടിപ്പിച്ചതിന്റെ പ്രതിഫലനമാണ് ———— എന്ന കവിത.

(A) മണിനാദം. (B) തുഷാരഹാരം.

(C) ഹൃദയസ്മിതം. (D) നവസൗരഭം.

18. ബഹുഭാഷാപരമാണ് നോവലിന്റെ ഘടന എന്ന് വ്യക്തമാക്കിയ റഷ്യൻ സൈദ്ധാന്തികൻ :

(A) യൂഗോ. (B) മിഖായേൽ ബക്തിൻ.

(C) ലിയോ ടോൾസ്റ്റോയ്. (D) മാക്സിം ഗോർക്കി.

19. ഒരു സമൂഹത്തിലെ ഭാഷാവ്യവഹാരങ്ങളെ നിയന്ത്രിക്കുന്നത് അതിനകത്തെ വ്യത്യസ്തമായ ———— ആണ്.

(A) ആശയരൂപങ്ങൾ. (B) അധികാര ബന്ധങ്ങൾ.

(C) വ്യവഹാര ബന്ധങ്ങൾ. (D) അധികാര രൂപങ്ങൾ.

20. മലയാള നോവൽ അതിന്റെ തുടക്കം മുതൽ അധികാര രൂപങ്ങളോടുള്ള കലഹമായിരുന്നെന്ന് കണ്ടെത്തുന്ന ലേഖനമാണ് ————.

(A) ഭാഷയും അധികാരവും. (B) നോവലും അധികാരവും.

(C) കലഹവും വിശ്വാസവും. (D) എഴുത്തും അധികാരവും.

CHMK LIBRARY UNIVERSITY OF CALICUT

C 5635 (Pages : 3) Name..................................

Reg. No..................................

# SECOND SEMESTER B.VOC. DEGREE EXAMINATION, APRIL 2021

Malayalam

GEC 2ML 05—MALAYALA BHASHAYUM SAHITHYAVUM—II

(2019 Admissions)

Time : Three Hours Maximum : 80 Marks

## Section A

രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.

2 മാർക്ക് വീതമുള്ള 15 ചോദ്യങ്ങൾ. പരമാവധി മാർക്ക് 25.

1. 'പണം അവിടെയും വ്വലിയകാര്യമാണ്. അതിനു വേണ്ടി എന്തു ചെയ്യും; ആരെയും കൊല്ലും !' കഥാകാരൻ പറയുന്നതെന്ത് ?
2. 'ആ കാലത്ത് ഞാൻ പകൽ നാലു മണിക്കേ ഉണരൂ' ഈ ശീലം രൂപപ്പെടുത്താൻ കഥാകാരനെ പ്രേരിപ്പിക്കുന്നതെന്ത് ?
3. 'വൈകുന്നേരം ആയപ്പോഴേക്കും പുകയുടെ ഒറ്റമരങ്ങൾ ഒരു മഹാ വിപിനമായി മാറി' സൂചിതം വ്യക്തമാക്കുക.
4. 'ഈശോ, നീ ഞങ്ങൾക്കു കരുണ ചെയ്യുവാൻ അവസരങ്ങൾ തരുന്നു' കന്യാസ്ത്രീ ഇങ്ങനെ പറയാനിടയായ സാഹചര്യം ഏത് ?
5. ''മടുപ്പുകൊണ്ട് ചത്തുപോകാൻ ഇതിൽ കൂടുതലെന്തു വേണം' കഥാകാരി വല്യച്ഛനോട് ഇങ്ങനെ പറയാനിടയായ സാഹചര്യം ഏത് ?
6. സ്റ്റാഫ് കാന്റീനെക്കുറിച്ച് എം.എൻ. പാലൂർ പറയുന്നതെന്ത് ?
7. നിരൂപകനോട് തോന്നിയതിനേക്കാൾ അവജ്ഞ വാർത്ത എത്തിച്ചയാളോടെനിക്കു തോന്നി' ചന്ദ്രമതി സൂചിപ്പിക്കുന്നതെന്ത് ?
8. 'എന്റെ തലച്ചോറിൽ അത്യുൽകടമായ ഒരഭിവാഞ്ഛ, കൊടുങ്കാറ്റുപോലെ, ആഞ്ഞടിക്കാൻ തുടങ്ങി' ചെറുകാട് സൂചിപ്പിക്കുന്നതെന്ത് ?
9. 'ദൂരെനിൽക്കു പരസ്വമേ !' ആരുടെ വാക്കുകൾ ? പറയാനിടയായ സാഹചര്യം ഏത് ?
10. 'എടാ, വിഷപ്പാമ്പേ ! നിനക്ക് ഈ മനുഷ്യ രൂപം ആരു തന്നു ?' സന്ദർഭം വിശദീകരിക്കുക.

Turn over

CHMK LIBRARY UNIVERSITY OF CALICUT

11. 'അതിനു പകരം അയാൾ മക്കളുടെ ട്രസ്റ്റിയുമായി, അല്ലേ' ഈ വാക്യത്തിലെ ദു:സൂചന വ്യക്തമാക്കുക.

12. 'നിന്നെ ഞാൻ ആ ചുടുകാട്ടിലേക്ക് അയയ്ക്കുകയില്ല. ഞാൻ ഒരച്ഛനാണ് ആരുടെ വാക്കുകൾ ? സന്ദർഭം വിശദീകരിക്കുക.

13. 'ഇങ്ങനെ ക്രൂരനായ ഒരു മനുഷ്യൻ ഇത്രനാളും എവിടെയാണ് താനറിയാതെ മറഞ്ഞിരുന്നത് ? ആരുടെ വിചാരം ? സന്ദർഭം എഴുതുക.

14. 'ഇതു സ്വർഗ്ഗമല്ല ദേവീ, ഈ നാട് നരകമാണ്-നീലകണ്ഠന്റെ വാക്കുകൾ വ്യക്തമാക്കുന്നതെന്ത് ?

15. 'എന്റെ മനസ്സിൽ ഇനിയും വെളിച്ചമുണ്ട്. എന്തിനേയും നേരിടാനുള്ള ധൈര്യമുണ്ട്. മരണം ഒന്നിനും പരിഹാരമല്ല' നീലകണ്ഠൻ ഇങ്ങനെ പറഞ്ഞതെപ്പോൾ ? പൊരുൾ വ്യക്തമാക്കുക.

## Section B

ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.
5 മാർക്ക് വീതമുള്ള 8 ചോദ്യങ്ങൾ. പരമാവധി മാർക്ക് 35.

16. ഭഗ്നഭവനത്തിലെ രാധ എന്ന കഥാപാത്രത്തെപ്പറ്റി വിവരിക്കുക.

17. 'പയറുവള്ളികളിൽത്തൂങ്ങി നമ്മളൊക്കെ' എന്ന കഥയുടെ പ്രതീകസ്വഭാവം എന്ത് ? വിശദീകരിക്കുക.

18. 'ശാസ്ത്രമാണ് അവന്റെ കൈയിലെ ആയുധം. സ്വാർത്ഥതയാണ് അവന്റെ നെറ്റിക്കുറി' ആരുടെ വാക്കുകൾ ? വിവക്ഷിതമെന്ത് ?

19. 'എടാ, കണ്ണില്ലാത്ത ദൈവമേ ! നീ എന്റെ മൺകുടിൽ തകർത്തുകളഞ്ഞല്ലോ' ആരുടെ വാക്കുകളാണിത് ? സാഹചര്യം വിശദീകരിക്കുക.

20. പാലൂർ ഭാര്യയ്ക്കു വേണ്ടി ജോലിയന്വേഷിക്കുന്നത് നിർത്താൻ കാരണമെന്ത് ?

21. ചന്ദ്രമതിയുടെ സ്മരണകളുടെ ആഖ്യാനപരമായ പ്രത്യേകതകൾ എഴുതുക.

22. 'ഇതു തീർച്ചയായും അവനെ ഒറ്റുകൊടുക്കും'. ജഗ്ഗിയെക്കുറിച്ച് ഇങ്ങനെ പറയാനിടയായ സാഹചര്യം ഏത് ?

23. 'ദൈവം....നിങ്ങളെയും....എന്നേയും.....എല്ലാവരെയും രക്ഷിക്കട്ടെ'. ഈ പ്രസ്താവനയുടെ പൊരുൾ വ്യക്തമാക്കുക.

CHMK LIBRARY UNIVERSITY OF CALICUT

## Section C

ഏതെങ്കിലും രണ്ട് ചോദ്യത്തെക്കുറിച്ച് മൂന്നു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.

24. പാരിസ്ഥിതികമായ ജാഗ്രതയിലേക്ക് വായനക്കാരെ നയിക്കുന്ന നോവലാണ് എൻമകജെ —സമർത്ഥിക്കുക.

25. വൻമരങ്ങൾ വീഴുമ്പോൾ എന്ന കഥയുടെ രാഷ്ട്രീയപ്രാധാന്യം വിവരിക്കുക.

26. ഒരു മനുഷ്യൻ എന്ന കഥയ്ക്ക് നിരൂപണം തയ്യാറാക്കുക.

27. 'ഭഗ്നഭവനം' എന്ന നാടകം അവതരിപ്പിക്കുന്ന പ്രശ്നങ്ങളെപ്പറ്റി ഉപന്യസിക്കുക.

(2 × 10 = 20 marks)

CHMK LIBRARY UNIVERSITY OF CALICUT

C 5634 (Pages : 2) Name.................................

Reg. No..............................

# SECOND SEMESTER B.VOC. DEGREE EXAMINATION, APRIL 2021

Malayalam

GEC 2ML 05—MALAYALA BHASHAYUM SAHITHYAVUM—II

(2017 Admissions)

Time : Three Hours Maximum : 80 Marks

I. ഒറ്റവാക്കിൽ ഉത്തരം എഴുതുക :

1 ''തിക്കൊടിയൻ'' എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന സാഹിത്യകാരനാരാണ് ?

2 ''ഒരു വെടിക്ക് രണ്ടു കിളി. ഇതു ധാരാളം'' ആരുടെ വാക്കുകൾ ? കൃതിയേതാണ് ?

3 ''കുങ്ഫു ഫൈനൽ'' എന്ന കഥ രചിച്ചതാര് ?

4 'ബാല്യകാലസഖി ജീവിതത്തിൽ നിന്നും വലിച്ചു ചീന്തിയ ഒരേടാണ്. വക്കിൽ രക്തം പൊടിഞ്ഞിരിക്കുന്നു' —ആരുടെ വാക്കുകൾ ? കൃതിയേത് ?

5 ''ഖസാക്കിന്റെ ഇതിഹാസകാരൻ'' എന്നറിയപ്പെടുന്നതാര് ?

6 ''നിറഞ്ഞിതെൻ തലയ്ക്കുള്ളിൽ,

തിരുവോണനിലാവൊളി''—എന്ന് എഴുതിയ കവിയാര് ?

7 "വീടാത്ത കടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകളാണ്. അത് അങ്ങനെയിരിക്കട്ടെ'' ആരുടെ വാക്കുകൾ ? കൃതിയേത് ?

8 ''വാസ്കോഡഗാമ തിരിച്ചുപോകുന്നു''—ഈ കഥയുടെ രചയിതാവാര് ?

9 ''എന്റെ ശത്രുക്കൾ പറഞ്ഞു നടക്കുന്നത് എന്താണെന്നോ എനിക്ക് ബ്ലഡ് ക്യാൻസറാണെന്നാണ്..ബ്ലഡ് ക്യാൻസർ''. കൃതിയേത് ? ആരുടെ വാക്കുകൾ ?

10 'ഞാനിനിയും മാന്തും'—ആരുടെ വാക്കുകൾ ? കൃതിയേത് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക :

11 'രണ്ടു വാക്കുകൾ മാത്രം. രണ്ടു വാക്കുകൾക്കിടയ്ക്ക് സാന്ത്വനത്തിന്റെ നിറവ്'. സന്ദർഭമെന്ത് ?

12 'ഇരുട്ടിലേക്ക് പറന്നുവന്ന ആഗ് നേയാസ്ത്രങ്ങൾ അവളെ ദഹിപ്പിച്ചു'—വിവക്ഷിതമെന്ത് ?

13 "എന്നെ അനുഗ്രഹിക്ക്...നീ എന്നെ അനുഗ്രഹിക്ക്''—ആരുടെ വാക്കുകൾ ? ഇങ്ങനെ പറയാനുണ്ടായ കാരണമെന്ത് ?

Turn over

CHMK LIBRARY UNIVERSITY OF CALICUT

14 കേളപ്പൻ നാടകമെഴുതാനുണ്ടായ സാഹചര്യമെന്ത് ?

15 ''എനിക്ക് സെറ്റിൽ അഭിനയിച്ചുകൊണ്ടിരിക്കേ മരിക്കണം'' ആരുടെ വാക്കുകൾ ? ഇങ്ങനെ പറയുന്നതെന്തുകൊണ്ട് ?

(5 × 2 = 10 marks)

III. 150 വാക്കിൽ കവിയാതെ ഉത്തരമെഴുതുക :

16 ചരിത്രത്തെ അതിജീവിക്കുന്ന സർഗ്ഗാത്മകതയുടെ സൗന്ദര്യമാണ് എൻ.എസ്. മാധവന്റെ 'ശേഷം' എന്ന കഥ—വിലയിരുത്തുക.

17 'മുറ്റത്തിന്റെ വെറും മണ്ണിൽ മോഹത്തിന്റെ പറിച്ചെടുത്ത ചിറകുകൾ കുമിഞ്ഞു. കിണ്ണത്തിൽ രക്തം പുരണ്ട മാംസക്കഷണങ്ങൾ—സന്ദർഭം വ്യക്തമാക്കുക.

18 ഉച്ചസ്ഥായിലുള്ള നിശ്ശബ്ദമായ നിലവിളി ''അപ്പാ എന്നെ തൂക്കിക്കൊല്ലാൻ സമ്മതിക്കരുതെ''—ആരുടെ വാക്കുകൾ ? വ്യക്തമാക്കുക.

19 'രാച്ചിയമ്മയുടെ വിങ്ങൽ ഉപാധികളില്ലാത്ത സ് നേഹത്തിന്റെ ഉത്കൃഷ്ടതയാണ്'.—അപഗ്രഥിക്കുക.

20 'ഓരോ രാഷ്ട്രീയ പ്രവർത്തകനും തന്റെ വീട്ടിലെ പുകഞ്ഞ കൊള്ളിയാണ്.

പുത്താണ്. അവനെ ഭ്രഷ്ടനെപ്പോലെയാണ് കുടുംബം കണക്കാക്കുന്നത് വ്യക്തമാക്കുക.

21 കഥക്കു പിന്നിലെ കഥയെക്കുറിച്ചുള്ള പി. പത്മനാഭന്റെ നിരീക്ഷണങ്ങൾ അപഗ്രഥിക്കുക.

22 'ജീവിതയാഥാർത്ഥ്യങ്ങളുടെ മായം ചേർക്കാത്ത അവതരണമാണ് ബാല്യകാലസഖി'—വിശകലനം ചെയ്യുക.

(5 × 5 = 25 marks)

IV. 300 വാക്കിൽ കവിയാതെ ഉത്തരം എഴുതുക :

23 'മലബാറിന്റ സാമൂഹിക സാംസ്കാരിക സവിശേഷതകൾ വ്യക്തമാക്കുന്ന കൃതിയാണ് തിക്കൊടിയന്റെ ആത്മകഥ'—വിശദമാക്കുക.

24 'രാഷ്ട്രീയരംഗത്തെ അപചയം വ്യക്തമാക്കുന്ന നാടകമാണ് കെ.ടി. മുഹമ്മദിന്റെ നാൽക്കവല' —ഉപന്യസിക്കുക.

25 ഒരു കാലഘട്ടത്തിന്റെ കഥകൾ രൂപപ്പെടുത്തിയ എഴുത്തുകാരാണ് ഉറൂബ്, ഒ.വി. വിജയൻ, എൻ.എസ്. മാധവൻ—ചർച്ച ചെയ്യുക.

26 'ആരേയും കൂട്ടാക്കാത്ത തന്റേടക്കാരനായിരുന്നു. ധീരനായിരുന്നു. അതായിരുന്നു സത്യന്റെ സൗന്ദര്യവും —വിലയിരുത്തുക'.

27 അതിദാരുണമായ ജീവിതയാഥാർത്ഥ്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ള നോവലാണ് ബഷീറിന്റെ ബാല്യകാലസഖി'—വിവരിക്കുക.

28 കടൽത്തീരത്ത് എന്ന കഥക്ക് ആസ്വാദനം തയ്യാറാക്കുക.

(4 × 10 = 40 marks)

CHMK LIBRARY UNIVERSITY OF CALICUT

C 4463 (Pages : 2) Name.......................................

Reg. No...................................

# SECOND SEMESTER (CBCSS–UG) DEGREE EXAMINATION, APRIL 2021

Malayalam

MAL 1(2) C 01—KERALA PADANAM – POORVAKAALAM, MADHYAKALAM

Time : Two Hours and a Half | Maximum : 80 Marks

## Section A

*Answer at least* **ten** *questions.*
*Each question carries* 3 *marks.*
*All questions can be attended.*
*Overall Ceiling* 30.

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.

1 നന്നങ്ങാടികൾ.

2 രേവതി പട്ടത്താനം.

3 കേരള മാഹാത്മ്യം.

4 മടലേറൽ.

5 സ്മാർത്തവിചാരം.

6 മുന്നൂറ്റവർ, അറുനൂറ്റവർ.

7 ചാവേറ്റുപട.

8 ഗ്രന്ഥവരികൾ.

9 രവിവർമ്മ കുലശേഖരൻ.

10 തരിസാപ്പള്ളി ചെപ്പേട്.

11 ശ്രീമൂലവാസം.

12 ഐന്തിണകൾ.

13 ഏഴിമല രാജവംശം.

14 കൂത്ത്.

15 കാന്തള്ളൂർ ശാല.

(10 × 3 = 30 marks)

Turn over

CHMK LIBRARY UNIVERSITY OF CALICUT

## Section B

*Answer at least* **five** *questions.*
*Each question carries* 6 *marks.*
*All questions can be attended.*
*Overall Ceiling* 30.

II. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

16 കേരള സംസ്കാര രൂപീകരണത്തിൽ ഭൂപ്രകൃതി വഹിച്ച പങ്കിനെക്കുറിച്ച് ചർച്ച ചെയ്യുക.

17 കേരളത്തിലെ ആദിമ നിവാസികൾ ആരെല്ലാം ? വിശദമാക്കുക.

18 കേരളത്തിലെ ബുദ്ധമത സ്വാധീനത്തെക്കുറിച്ച് വിലയിരുത്തുക.

19 കേരളത്തിലെ പ്രാചീന തുറമുഖങ്ങളെപ്പറ്റി വിവരിക്കുക.

20 ദേവദാസീ സമ്പ്രദായത്തിന്റെ ചരിത്രമെന്ത് ?

21 ആര്യാധിനിവേശം കേരള സമൂഹത്തിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാം ?

22 കേരളത്തിലെ ജാതി വ്യവസ്ഥയുടെ പ്രത്യേകതകൾ എന്തെല്ലാം ?

23 കേരളീയ വാസ്തു വിദ്യയെക്കുറിച്ച് കുറിപ്പെഴുതുക.

(5 × 6 = 30 marks)

## Section C

*Answer any* **two** *questions.*
*Each question carries* 10 *marks.*

III. മൂന്ന് പുറത്തിൽ കവിയാതെ ഉപന്യസിക്കുക.

24 കേരള ചരിത്ര രചനയ്ക്കുള്ള ഉപാദാന സാമഗ്രികൾ ഏവ ? വിശദമാക്കുക.

25 സംഘകാല കേരളത്തിലെ സാമൂഹിക സാംസ്കാരിക ജീവിതത്തെക്കുറിച്ച് ഉപന്യസിക്കുക.

26 ജന്മിസമ്പ്രദായം കേരളത്തിന്റെ കാർഷിക വ്യവസ്ഥയിൽ പ്രതിഫലിച്ചതെങ്ങനെയെന്ന് വിലയിരുത്തുക.

27 ബ്രാഹ്മണാധിപത്യത്തിന്റെ അനന്തരഫലങ്ങൾ കേരളത്തിന്റെ സാമൂഹിക ജീവിതത്തിൽ പ്രതിഫലിച്ചതെങ്ങനെയെന്ന് ചർച്ച ചെയ്യുക.

(2 × 10 = 20 marks)

CHMK LIBRARY UNIVERSITY OF CALICUT

C 4462-A (Pages : 4) Name.......................................

Reg. No...................................

**SECOND SEMESTER (CBCSS–UG) DEGREE EXAMINATION, APRIL 2021**

Malayalam

MAL 2B 02—KADHA SAHITHYAM

(Multiple Choice Questions for SDE Candidates)

| Time : 15 Minutes | Total No. of Questions : 20 | Maximum : 20 Marks |
|---|---|---|

## INSTRUCTIONS TO THE CANDIDATE

1. This Question Paper carries Multiple Choice Questions from 1 to 20.
2. The candidate should check that the question paper supplied to him/her contains all the 20 questions in serial order.
3. Each question is provided with choices (A), (B), (C) and (D) having one correct answer. Choose the correct answer and enter it in the main answer-book.
4. The MCQ question paper will be supplied after the completion of the descriptive examination.

CHMK LIBRARY UNIVERSITY OF CALICUT

# MAL 2B 02—KADHA SAHITHYAM

(Multiple Choice Questions for SDE Candidates)

1. ആദ്യകാല കഥാകാരന്മാരിൽ പാശ്ചാത്യ ആധുനിക സാങ്കേതികതകളുടെ പരിചയപ്പെടുത്തൽ കഥയിൽ നിർവഹിച്ച കഥാകൃത്താണ് ——————.

    (A) സി.എസ്. ഗോപാലപ്പണിക്കർ.

    (B) കെ. സുകുമാരൻ.

    (C) കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ.

    (D) അമ്പാടി നാരായണപ്പൊതുവാൾ.

2. സ്വാതന്ത്ര്യ സമരാവേശിതനായി തീവ്രവാദ സംഘടനയിൽ പ്രവർത്തിക്കുകയും സംഘടനയുടെ മുഖപത്രമായി ഉജ്ജീവനം എന്ന വാരിക നടത്തുകയും ചെയ്ത സാഹിത്യകാരൻ :

    (A) തകഴി ശിവശങ്കരപ്പിള്ള. (B) വൈക്കം മുഹമ്മദ് ബഷീർ.

    (C) കേശവദേവ്. (D) എസ്.കെ. പൊറ്റക്കാട്.

3. ചങ്ങമ്പുഴയുടെ രമണൻ എന്ന കവിതക്ക് ബദലായി രമണി എന്ന കഥ എഴുതിയ കഥാകാരി :

    (A) ലളിതാംബിക അന്തർജ്ജനം. (B) കെ. സരസ്വതിയമ്മ.

    (C) മാധവിക്കുട്ടി. (D) സരസ്വതി ഭായി.

4. ആണധികാര വ്യവസ്ഥയിലെ തിരസ്കൃതയും പീഢിതയുമായ സ്ത്രീയുടെ ജീവിതത്തിന്റെ ദുരന്താവസ്ഥയെ ചിത്രീകരിക്കുന്ന കഥയാണ് ——————.

    (A) മാണിക്യൻ. (B) മനുഷ്യപുത്രി.

    (C) കുഞ്ഞോമന. (D) രാധയുടെ കത്ത്.

5. കെ. സരസ്വതിയമ്മയുടെ കഥയിൽ ചോലമരങ്ങളായി സ്വയം മാറുന്ന കഥാപാത്രങ്ങളായ മധുസൂദനനും ലില്ലിക്കുട്ടിയും വീണ്ടും കണ്ടു മുട്ടുന്നത് എവിടെ വെച്ച് ?

    (A) കന്യാസ്ത്രീ മഠത്തിൽ വെച്ച്. (B) നഗരത്തിൽ വെച്ച്.

    (C) പള്ളിയിൽ വെച്ച്. (D) ആശ്രമത്തിൽ വെച്ച്.

6. കേരളസഞ്ചാരം എന്ന പേരിൽ യാത്രാവിവരണം എഴുതിയിട്ടുള്ള കഥാകാരി :

    (A) മാധവിക്കുട്ടി. (B) ലളിതാംബിക അന്തർജ്ജനം.

    (C) കെ. സരസ്വതിയമ്മ. (D) സാറാ ജോസഫ്.

CHMK LIBRARY UNIVERSITY OF CALICUT

7. നാട്ടുംപുറത്തുകാരനായ അച്ഛന്റെയും തനിനാഗരികനായ മകന്റെയും ജീവിത വൈരുദ്ധ്യങ്ങളുടെ കഥ പറയുന്നതാണ് ——————.

(A) ഷെർലക്ക്. (B) പെരുമഴയുടെ പിറ്റേന്ന്.

(C) ഒരു യാത്രാകുറിപ്പ്. (D) ശിലാലിഖിതം.

8. ലളിതാംബിക അന്തർജ്ജനത്തിന്റെ പ്രശസ്തമായ നോവൽ:

(A) കുഞ്ഞോമന. (B) ഗോസായി പറഞ്ഞ കഥ.

(C) പുനർജന്മം. (D) അഗ്നിസാക്ഷി.

9. കഥാന്തരങ്ങൾ : മലയാള ചെറുകഥയുടെ ആഖ്യാന ഭൂപടം എന്ന നിരൂപണ കൃതി എഴുതിയതാര് ?

(A) കെ. രാജശേഖരൻ. (B) പി.കെ. രാജശേഖരൻ.

(C) പി.കെ. ബാലകൃഷ്ണൻ. (D) വി.സി. ശ്രീജൻ.

10. പ്രഭാതം മുതൽ പ്രഭാതം വരെ എന്ന കഥയിൽ നായകൻ തിരിച്ചറിയുന്ന ഒരേ ഒരു കാര്യം എന്താണ് ?

(A) താൻ ഏകനല്ല. (B) താൻ ഏകനാണ്.

(C) താൻ പരിചിതനാണ്. (D) തനിക്ക് എല്ലാമറിയാം.

11. പ്രഭാതം മുതൽ പ്രഭാതം വരെ എന്ന കഥയിലെ നായകന്റെ ഭാര്യയുടെ പേരെന്ത് ?

(A) ചന്ദ്രിക. (B) സ്വയംപ്രഭ.

(C) പത്മജ. (D) സിബി.

12. പറങ്കിയണ്ടി പെറുക്കുന്നതിനിടെ ബീബി ആരുടെ പിടിയിലാണകപ്പെട്ടത് :

(A) വട്ടനടിമയുടെ. (B) അബ്ദുള്ളയുടെ.

(C) ഖാദറിന്റെ. (D) ഒറ്റക്കണ്ണൻ പോക്കറിന്റെ.

13. ഒരു നസ്രാണി യുവാവും ഗൗളിശാസ്ത്രവും ആരുടെ കൃതി :

(A) സക്കറിയ. (B) പുനത്തിൽ കുഞ്ഞബ്ദുള്ള.

(C) എം. മുകുന്ദൻ. (D) എസ്. ഹരീഷ്.

CHMK LIBRARY UNIVERSITY OF CALICUT

14. തേൻ എന്ന കഥയിൽ കരടി ദൈവത്തിന് എന്താണ് നൽകിയത് :

(A) വാഴപ്പഴം. (B) തേൻപാളി.

(C) പൂക്കൾ. (D) ഞാവൽപ്പഴങ്ങൾ.

15. സക്കറിയയുടെ 'തേൻ' എന്ന കഥയിൽ കരടി ആരെയാണ് പ്രതിനിധാനം ചെയ്യുന്നത് :

(A) നടേശനെ. (B) ദൈവത്തെ.

(C) പിശാചിനെ. (D) ഗോത്രവർഗ്ഗ മനുഷ്യനെ.

16. നമ്മുടെ സമൂഹം സ്ത്രീജീവിതത്തിന് ഒരുതരത്തിലും യോജിച്ചതല്ലെന്നുപ്രസ്താവിക്കുന്ന സക്കറിയയുടെ കഥയേത് ?

(A) കന്യാകുമാരി. (B) ഒരിടത്ത്.

(C) ആർക്കറിയാം. (D) തേൻ.

17. മലയാള നോവലിന്റെ ദിശാപരിണാമത്തിനു കാരണമായ 'ഖസാക്കിന്റെ ഇതിഹാസം' ആരുടെ കൃതിയാണ് ?

(A) ഒ.വി. വിജയൻ. (B) എം. മുകുന്ദൻ.

(C) എസ്. ഹരീഷ്. (D) സേതു.

18. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ച സാറാ ജോസഫിന്റെ കൃതി :

(A) നിലാവ് അറിയുന്നു. (B) കാടിന്റെ സംഗീതം.

(C) പാപത്തറ. (D) ആലാഹയുടെ പെൺമക്കൾ.

19. ദലിത് ജീവിതത്തെ ശക്തവും സ്വാഭാവികവും അതിതീഷ്ണവുമായ ഭാഷയിലൂടെ ആവിഷ്ക്കരിച്ചകഥാകൃത്ത് ആര് ?

(A) സി. അയ്യപ്പൻ. (B) എം. മുകുന്ദൻ.

(C) ടി.കെ.സി.വടുതല. (D) അശോകൻ ചെരുവിൽ.

20. 'ഞണ്ടുകൾ' എന്ന കഥാസമാഹാരം രചിച്ചതാര് ?

(A) എസ്. ഹരീഷ്. (B) സി. അയ്യപ്പൻ.

(C) സുസ്മേഷ് ചന്ദ്രോത്ത്. (D) ടി.കെ.സി. വടുതല.

CHMK LIBRARY UNIVERSITY OF CALICUT

C 4462 (Pages : 3) Name.................................

Reg. No.................................

# SECOND SEMESTER (CBCSS–UG) DEGREE EXAMINATION, APRIL 2021

Malayalam

MAL 2B 02—KADHA SAHITHYAM

Time : Two Hours and a Half Maximum : 80 Marks

## Section A

*Answer at least* **ten** *questions.*
*Each question carries* 3 *marks.*
*All questions can be attended.*
*Overall Ceiling* 30.

രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.

1 'ഉണ്ണുന്ന ചോറിൽ മുറിഞ്ഞുവീഴുന്ന കണ്ണീരു കണ്ട് ഉണ്ണികൃഷ്ണൻ വ്യസനിച്ചു' സന്ദർഭമേത് ?

2 'എന്റെ പേരെന്താ നാണ്വായരേ ? ഞാനാരാ നാണ്വായരേ ?' ഈ ചോദ്യത്തിലടങ്ങിയിരിക്കുന്ന സാരം എന്താണ് ?

3 'ഈ കല്ലു കണ്ടപ്പോൾ നവലോകം ആദ്യമായി കണ്ട സമയത്ത് ആ മഹാപുരുഷനുണ്ടായ സന്തോഷത്തേക്കാൾ ആമോദം എനിക്കുണ്ടായി' കണ്ട കാഴ്ചയെന്ത് ?

4 'ആകെ അമ്പരന്നു പോയ അയാൾ അവളുടെ ശിരസ്സിൽ കൈവച്ചു. വാക്കുകൾ വന്നില്ല. മനസ്സിൽ പറഞ്ഞു. നല്ലതു വരട്ടെ' സന്ദർഭം എഴുതുക.

5 'ചിരുതയെ അടക്കിപ്പിടിച്ചുകൊണ്ടിരുന്ന കൈകൾ, തീ മുട്ടിയിട്ടെന്ന പോലെ വലിഞ്ഞു' സന്ദർഭം എഴുതുക.

6 'നിന്നെയങ്ങു സ്നേഹിച്ചാലോ എന്നെനിക്കൊരാലോചന' ആരാണിങ്ങനെ പറയുന്നത് ? ആരോട് ?

7 'നിനക്കു ഭ്രാന്താണ്. നീ പറയുന്നതിന്റെ അർത്ഥം ആർക്കും മനസ്സിലാവില്ല ' ആരുടെ വാക്കുകൾ ? ഇങ്ങനെ പറയാൻ കാരണമെന്ത് ?

8 'വരവുകോഴിയെ മാത്രം തിന്ന് നമ്മൾ എങ്ങനെ ചീനപോലെ പുരോഗതി പ്രാപിക്കും' പരാമർശം വ്യക്തമാക്കുക.

9 'കാലത്തിലൂടെ പരിണാമം വന്ന വികാരം സംഭവത്തിലെ വില്ലനെ നായകനാക്കി മാറ്റി അപ്പുള്ള നായകനായി മാറിയതെങ്ങനെ ?

10 'വംശപരമ്പരയിൽ എങ്ങോ കിടന്ന യയാതിയുടെ ജരയും നരയും ഏറ്റുവാങ്ങി മറ്റു കുട്ടികളോട് കൂട്ടുകൂടാനാവാതെ ദുഃഖിച്ചുദുഃഖിച്ച് തൊടികയിൽ പതുങ്ങി നടന്ന പെൺകുട്ടി'—ആരുടെ അവസ്ഥയാണ് ഇപ്രകാരം വിവരിക്കുന്നത് ?

**Turn over**

CHMK LIBRARY UNIVERSITY OF CALICUT

11 'സഹോദരി, എന്റെ പക്കൽ ഒന്നുമില്ല ; നിങ്ങൾ വേറെ ആരടടുത്തെങ്കിലും ചെന്നു ചോദിക്കൂ ആരോടാണ് കഥാകാരൻ ഇങ്ങനെ പറയുന്നത് ? കഥാകാരന്റെ അപ്പോഴത്തെ അവസ്ഥയെന്ത് ?

12 തന്റെ കാമുകനെപ്പറ്റി 'ചോലമരങ്ങ'ളിലെ ലില്ലിക്കുട്ടിയുടെ അഭിപ്രായമെന്തായിരുന്നു ?

13 'വിടൂ ; എന്നെ വിടൂ ! അവന്റെ കടൽ പിളർക്കട്ടെ ! എന്നിട്ടു ഞാൻ മരിച്ചുകൊള്ളാം. മഖൻസിങ്ങ് ഇങ്ങനെ പറഞ്ഞ സന്ദർഭം എന്ത് ?

14 ആധുനികാനന്തര മലയാള ചെറുകഥയുടെ ഏതെങ്കിലും രണ്ടു പ്രത്യേകതകൾ എഴുതുക.

15 അച്ചടിയും ചെറുകഥയും തമ്മിലുള്ള ബന്ധം വ്യക്തമാക്കുക.

(10 × 3 = 30 marks)

## SectionB

*Answer at least* **five** *questions.*
*Each question carries* 6 *marks.*
*All questions can be attended.*
*Overall Ceiling* 30.

ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

16 മലയാളത്തിലെ ആധുനിക ചെറുകഥയിൽ കാണപ്പെട്ട സവിശേഷതകൾ എന്തെല്ലാമായിരുന്നു ?

17 ഇറച്ചി എന്ന കഥയിലെ ആശയം ചുരുക്കി എഴുതുക.

18 ദ്വാരക എന്ന കഥ വിഭാവന ചെയ്യുന്ന ആധുനിക ജീവിതാവസ്ഥകളെപ്പറ്റി വിവരിക്കുക.

19 'പ്രേതഭാഷണ'ത്തിന്റെ ആഖ്യാനപരമായ മേന്മയെന്ത് ? വിശദീകരിക്കുക.

20 'ഇട്ട്യാതി നടുങ്ങി. ഒരു തീക്കനൽ കരളിൽ വീണതു പോലെ അവന്നു തോന്നി. എപ്പോൾ ? വ്യക്തമാക്കുക.

21 'എനിക്കു നിന്നോട് അനുകമ്പ മാത്രമേ തോന്നുന്നുള്ളൂ. ഒരു സാധാരണ സ്ത്രീയായി ജനിക്കുവാൻ കൂടി കഴിഞ്ഞില്ലല്ലോ നിനക്ക്' ആരാണിങ്ങനെ പറയുന്നത് ? കാരണം വ്യക്തമാക്കുക.

22 'വെറുതേ രണ്ടാളും അറസ്റ്റിലാവണ്ട. ഒരു ദൈവവും നമ്മളെ രക്ഷിക്കില്ല'. പരാമർശത്തിനിടയാകുന്ന സംഭവമെന്ത് ? വിമർശനതലം വ്യക്തമാക്കുക.

23 മി.പി.യും ബഷീറും തമ്മിലുള്ള ബന്ധം വിശ്ദീകരിക്കുക.

(5 × 6 = 30 marks)

CHMK LIBRARY UNIVERSITY OF CALICUT

## SectionC

*Answer any* **two** *questions.*
*Each question carries* 10 *marks.*

24 കെ. സരസ്വതിയമ്മയുടെ കഥനരീതിയുടെ പ്രത്യേകതകളെല്ലാം ഉൾക്കൊള്ളുന്ന കഥയാണ് ചോലമരങ്ങൾ—സമർത്ഥിക്കുക.

25 മഖൻസിങ്ങിന്റെ മരണം എന്ന കഥ അവതരിപ്പിക്കുന്ന വിഷയമെന്ത് ? അതിന്റെ സമകാലിക പ്രസക്തിയെപ്പറ്റി വിവരിക്കുക.

26 തേൻ എന്ന കഥയുടെ പ്രമേയം, ആഖ്യാനം എന്നിവയിൽ കാണുന്ന പ്രത്യേകതകളെപ്പറ്റി ഉപന്യസിക്കുക.

27 രാധയുടെ കത്ത് എന്ന കഥയ്ക്ക് നിരൂപണം തയ്യാറാക്കുക.

(2 × 10 = 20 marks)

CHMK LIBRARY UNIVERSITY OF CALICUT

**C 4268-A** (Pages : 4) Name..................................

Reg. No..................................

**SECOND SEMESTER (CUCBCSS–UG) DEGREE EXAMINATION, APRIL 2021**

Malayalam

MAL 1C 01 AND MAL 2C 02—KERALA PADANAM – POORVAKALA KERALAM AND MADHYAKALA KERALAM

(Multiple Choice Questions for SDE Candidates)

| **Time : 15 Minutes** | **Total No. of Questions : 20** | **Maximum : 20 Marks** |
|---|---|---|

# INSTRUCTIONS TO THE CANDIDATE

1. This Question Paper carries Multiple Choice Questions from 1 to 20.
2. The candidate should check that the question paper supplied to him/her contains all the 20 questions in serial order.
3. Each question is provided with choices (A), (B) and (C) having one correct answer. Choose the correct answer and enter it in the main answer-book.
4. The MCQ question paper will be supplied after the completion of the descriptive examination.

CHMK LIBRARY UNIVERSITY OF CALICUT

# MAL 1C 01 AND MAL 2C 02—KERALA PADANAM – POORVAKALA KERALAM AND MADHYAKALA KERALAM

(Multiple Choice Questions for SDE Candidates)

1. 'സാംസ്കാരികമാന്ദ്യം' (cultural lag) എന്ന സാങ്കല്പിക സിദ്ധാന്തം ആദ്യമായവതരിപ്പിച്ചതാര് ?

   (A) ഡബ്ല്യൂ.എഫ്. ഓഗ്ബേൺ. (B) ഇ.ബി. ടെയ്‌ലർ.

   (C) മാസ്‌ലോ.

2. 'വർത്തമാനകാലവും ഭൂതകാലവും തമ്മിലുള്ള നിരന്തരമായ സംഭാഷണമാണ് ചരിത്രം'— ആരുടെ നിർവചന മാണിത് ?

   (A) ഇ.എച്ച്. കാർ. (B) ലോഡ് ആറ്റൻ.

   (C) തോമസ് കാർലൈൻ.

3. 'ആവശ്യങ്ങളുടെ ശ്രേണീകരണം' (Hierarchy of needs) എന്ന സാംസ്കാരിക സിദ്ധാന്തം അവതരിപ്പിച്ചതാര് ?

   (A) എബ്രഹാം മാസ്‌ലോ. (B) പ്രൊഫ. ഫ: ഫിൻലേ.

   (C) മാർക്സ്.

4. ടിപ്പുസുൽത്താൻ പ്രചരിപ്പിച്ച നാണയമേത് ?

   (A) അര വരാഹൻ. (B) ഈഴക്കാശ്.

   (C) സുൽത്താൻ കാശ്.

5. ചോളന്മാരുടെ സ്വർണ്ണനാണയം ഏതു പേരിലാണറിയപ്പെട്ടിരുന്നത് ?

   (A) രാശി. (B) ആനയച്ച്.

   (C) അഴകച്ച്.

6. പഴശ്ശി വിപ്ലവത്തിൽ നിർണ്ണായക സ്ഥാനമലങ്കരിച്ച മലയേത് ?

   (A) ഏഴിമല. (B) പുരളിമല.

   (C) ശബരി മല.

7. മുല്ലൈ നിവാസികൾ പ്രധാനമായും ഏതു വിഭാഗക്കാരായിരുന്നു ?

   (A) മലയർ. (B) ഇടയർ.

   (C) മറവർ.

CHMK LIBRARY UNIVERSITY OF CALICUT

8. അഷ്ടാംഗഹൃദയം രചിച്ചതാര് ?

(A) ഇളങ്കോവടികൾ. (B) വാഗ്ഭടൻ.

(C) പതഞ്ജലി.

9. ബുദ്ധ ദേവാലയങ്ങൾ ഏതു പേരിലായിരുന്നു അറിയപ്പെട്ടിരുന്നത് ?

(A) കാവ്. (B) മേട.

(C) പള്ളി.

10. കേരള കുല ചൂഡാമണിയെന്ന വിശേഷണത്തിനർഹനാര് ?

(A) കുലശേഖരൻ. (B) ഗോദരവിവർമ്മ.

(C) സ്ഥാണു രവി വർമ്മ.

11. ക്ഷേത്ര പ്രവേശന വിളംബരം നടന്ന വർഷം ഏത് ?

(A) 1935. (B) 1936.

(C) 1937.

12. കേരളത്തിലെ മുസ്ലീം സമുദായത്തെപ്പറ്റി വിവരങ്ങൾ നൽകുന്ന ആദ്യത്തെ സഞ്ചാരി ആരാണ് ?

(A) മഹ്വാൻ. (B) പെരിപ്ലസ്.

(C) ഇബ്ൻ ബത്തൂത്ത.

13. ഉദയംപേരൂർ സൂനഹദോസ് നടന്ന വർഷം ഏത് ?

(A) 1799. (B) 1699.

(C) 1599.

14. കൂനൻ കുരിശു സത്യം നടന്ന വർഷം ഏത് ?

(A) 1653. (B) 1652.

(C) 1651.

15. ഉദയംപേരൂർ സൂനഹദോസിന്റെ അദ്ധ്യക്ഷൻ ആര് ?

(A) ക്ലമന്റ് പിയാനിയൂസ്. (B) തോമാ കത്തനാർ.

(C) അലക്സിസ്-ഡി-മെനസിസ്.



CHMK LIBRARY UNIVERSITY OF CALICUT

16. കേരളത്തിലെ ക്ഷേത്രങ്ങളിൽ ദേവദാസീ സമ്പ്രദായം ആരംഭിക്കുന്നത് ആരുടെ കാലത്താണ് ?

(A) പൊരുമ്പടപ്പ് രാജാക്കന്മാർ. (B) നെടിയിരിപ്പ് രാജാക്കന്മാർ.

(C) കുലശേഖരന്മാർ.

17. വേണാട്ടിൽ മക്കത്തായമനുസരിച്ച് ഭരണാധികാരമേറ്റ അവസാന രാജാവാണ് ————————.

(A) രവിവർമ്മ കുലശേഖരൻ. (B) ശ്രീ ചിത്തിര തിരുനാൾ ബാലരാമവർമ്മ.

(C) മാർത്താണ്ഡവർമ്മ.

18. തിരുവിതാംകൂറിൽ മതപരമായ അധികാരം കൈയ്യാളിയിരുന്നത് ———————— ആണ്.

(A) എട്ടുവീട്ടിൽ പിള്ളമാർ. (B) എട്ടര യോഗക്കാർ.

(C) രാജാക്കന്മാർ.

19. പ്രാചീന മണിപ്രവാള കൃതികളിൽ പെടുന്നതാണ് ————————.

(A) വൈശികതന്ത്രം. (B) ഭാഷാനൈഷധം ചമ്പു.

(C) അനന്തപുര വർണ്ണനം.

20. ഭഗവൽ കഥ വർണിക്കുന്ന ഏകാഭിനയപ്രധാനമായ ദൃശ്യ കലാപ്രകടനമാണ് ————————

(A) കൂത്ത്. (B) കൂടിയാട്ടം.

(C) പാഠകം.

CHMK LIBRARY UNIVERSITY OF CALICUT

C 4268 (Pages : 3) Name.....................................

Reg. No.................................

# SECOND SEMESTER (CUCBCSS–UG) DEGREE EXAMINATION APRIL 2021

Malayalam

## MAL IC 01 AND MAL 2C 02—KERALA PADANAM – POORVAKALA KERALAM AND MADHYAKALA KERALAM

Time : Three Hours Maximum : 80 Marks

### Part A

### MAL IC 01—കേരളപഠനം–പൂർവ്വകാല കേരളം

Maximum : 40 Marks

I. ഒറ്റവാക്കിൽ ഉത്തരമെഴുതുക.

1 കേരളമാഹാത്മ്യം എന്ന കൃതിയിൽ കേരളത്തിന്റെ സ്രഷ്ടാവായി ചിത്രീകരിക്കുന്നതാരെയാണ് ?

2 തുഹ്ഫത്തുൽ മുജാഹ്ദ്ദീൻ രചിച്ചതാര് ?

3 മൂഷകവംശം എന്ന മഹാകാവ്യം രചിച്ചതാര് ?

4 മഹോദയപുരത്തിന്റെ മറ്റൊരു പേര് എന്ത് ?

5 തരിസാപ്പള്ളി ശാസനം എഴുതി നല്കിയ രാജാവാര് ?

6 കല്ലിൽ ഗുഹാക്ഷേത്രം ഏത് മതത്തിന്റെ ആരാധനാലയമാണ് ?

(6 × ½ = 3 marks)

II. ഏതെങ്കിലും **അഞ്ചു** ചോദ്യത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.

7 കേരളത്തിൽ ആയുർവേദം പ്രചരിക്കാൻ ഇടയായ സാഹചര്യമെന്ത് ?

8 ജൂതശാസനത്തിന്റെ ചരിത്ര പ്രാധാന്യമെന്ത് ?

9 രാമേശ്വരം ശാസനം നല്കുന്ന ചരിത്ര സൂചനകൾ എന്തെല്ലാം ?

10 കേരളത്തിൽ കാണപ്പെടുന്ന മഹാശിലാസ്മാരകങ്ങൾ ഏവ ?

11 ഐന്തിണകൾ ഏതെല്ലാം ?

12 ഏഴിമല എന്ന പേരിന്റെ നിഷ്പത്തി വ്യക്തമാക്കുക.

(5 × 2 = 10 marks)

III. ഏതെങ്കിലും **മൂന്നു** ചോദ്യത്തിന് നൂറ്റമ്പതു വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

13 കേരളത്തിലെ കോട്ടകൾ നല്കുന്ന ചരിത്രപരമായ വിവരങ്ങൾ ഏവ ?

14 അറബികളുടെ വിവരണങ്ങൾ കേരളചരിത്രരചനയെ സഹായിക്കുന്നതെങ്ങനെ ?

Turn over

CHMK LIBRARY UNIVERSITY OF CALICUT

15 കുലശേഖര ആഴ്‌വാരുടെ സംഭാവനകൾ വിലയിരുത്തുക.

16 കേരളത്തിലെ ആദിമനിവാസികളെക്കുറിച്ച് പ്രതിപാദിക്കുക.

(3 × 5 = 15 marks)

IV. ഏതെങ്കിലും **ഒരു** ചോദ്യത്തിന് മുന്നൂറു വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

17 സംഘകാലത്തെ കലാസാംസ്കാരിക ജീവിതത്തെക്കുറിച്ച് വിവരിക്കുക.

18 ജന്മി സമ്പ്രദായത്തിന്റെ ഉത്പത്തിചരിത്രം സംക്ഷേപിക്കുക.

(1 × 12 = 12 marks)

## Part B

## MAL 2C 02—കേരളപഠനം—മധ്യകാല കേരളം

Maximum : 40 Marks

I. ഒറ്റവാക്കിൽ ഉത്തരമെഴുതുക.

19 'ശ്രീമൂലവാസം' ഏത് മതവുമായി ബന്ധപ്പെട്ടിരിക്കുന്നു ?

20 കേരളത്തിലെത്തിയ ജൂതന്മാരുടെ ആദ്യത്തെ ആസ്ഥാനമെന്ത് ?

21 കോലത്തുനാടിനെ ഏലി രാജ്യം എന്ന് പരാമർശിച്ചത് ഏത് സഞ്ചാരിയാണ് ?

22 പാട്ടിന് ലീലാതിലകം നൽകിയ നിർവചനം എഴുതുക.

23 വള്ളുവക്കോനാതിരിയിൽ നിന്നും തിരുനാവായ പിടിച്ചെടുത്തത് ആര് ?

24 ചിലപ്പതികാരം രചിച്ചതാര് ?

(6 × ½ = 3 marks)

II. ഏതെങ്കിലും **അഞ്ചു** ചോദ്യത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.

25 ഇസ്ലാം മതവുമായി ബന്ധപ്പെട്ട കലാരൂപങ്ങൾ ഏതെല്ലാം ?

26 മധ്യകാല ചമ്പുക്കൾ ഏതെല്ലാമാണ് ?

27 കുചേലവൃത്തം വഞ്ചിപ്പാട്ടിന്റെ ഇതിവൃത്തമെന്ത് ?

28 കോട്ടയം തമ്പുരാൻ രചിച്ച ആട്ടക്കഥകൾ ഏവ ?

29 കൃഷ്ണനാട്ടത്തിന്റെ പ്രാധാന്യമെന്ത് ?

30 കഥകളിയിലെ പ്രധാന വേഷങ്ങൾ ഏവ ?

(5 × 2 = 10 marks)

III. ഏതെങ്കിലും **മൂന്നു** ചോദ്യത്തിന് നൂറ്റമ്പതു വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

31 അറബിമലയാളത്തിന്റെ സാമാന്യസ്വഭാവം വ്യക്തമാക്കുക.

32 മണിപ്രവാളം എന്ന സാഹിത്യ പ്രസ്ഥാനത്തിന്റെ പൊതു സവിശേഷതകൾ വ്യക്തമാക്കുക.

CHMK LIBRARY UNIVERSITY OF CALICUT

33 മലയാള സാഹിത്യത്തിന് എഴുത്തച്ഛൻ നൽകിയ സംഭാവനകൾ വിലയിരുത്തുക.

34 തുള്ളൽ എന്ന കലാരൂപം സാമൂഹിക വിമർശനത്തിനുള്ള ഉപാധിയായിത്തീർന്നത് എങ്ങനെ ?

(3 × 5 = 15 marks)

IV. ഏതെങ്കിലും **ഒരു** ചോദ്യത്തിന് മുന്നൂറു വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

35 സാമൂതിരി രാജവംശം കേരളസംസ്കാരത്തിന് നൽകിയ സംഭാവനകൾ വിശദമാക്കുക.

36 കൂത്ത്, കൂടിയാട്ടം, കഥകളി എന്നീ കലാരൂപങ്ങളെ പരിചയപ്പെടുത്തുക.

(1 × 12 = 12 marks)

CHMK LIBRARY UNIVERSITY OF CALICUT

**C 4267-A** (Pages : 4) Name.......................................

Reg. No..................................

**SECOND SEMESTER (CUCBCSS–UG) DEGREE EXAMINATION, APRIL 2021**

Malayalam

MAL 2B 02—MALAYALA CHERUKATHA SAHITHYAM

(Multiple Choice Questions for SDE Candidates)

| **Time : 15 Minutes** | **Total No. of Questions : 20** | **Maximum : 20 Marks** |
|---|---|---|

## INSTRUCTIONS TO THE CANDIDATE

1. This Question Paper carries Multiple Choice Questions from 1 to 20.
2. The candidate should check that the question paper supplied to him/her contains all the 20 questions in serial order.
3. Each question is provided with choices (A), (B) and (C) having one correct answer. Choose the correct answer and enter it in the main answer-book.
4. The MCQ question paper will be supplied after the completion of the descriptive examination.

CHMK LIBRARY UNIVERSITY OF CALICUT

# MAL 2B 02—MALAYALA CHERUKATHA SAHITHYAM

(Multiple Choice Questions for SDE Candidates)

1. ബാഹ്യമോ ആന്തരമോ ആയ ഒരൊറ്റ സംഭവത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഭാവനാസൃഷ്ടി എന്ന് ചെറുകഥയെ നിർവ്വചിച്ചത് :

   (A) ബ്രാണ്ടർ മാത്യൂസ്. (B) എലിസബത്ത് ബോവൻ.

   (C) സോമർസെറ്റ് മോം.

2. ചെറുകഥയുടെ ദർശനം എന്ന കൃതി രചിച്ചത് ആര് ?

   (A) ബ്രാണ്ടർ മാത്യൂസ്. (B) വില്യം സരോയൻ.

   (C) അലൻപോ.

3. ഇന്ത്യയിൽ പ്രചരിച്ചിരുന്ന ഏറ്റവും പ്രാചീനമായ കഥയായി കണക്കാക്കപ്പെടുന്നത് :

   (A) കഥാസരിത് സാഗരം. (B) ജാതകകഥകൾ.

   (C) പഞ്ചതന്ത്രകഥകൾ.

4. ഡക്കാമറാൻ കഥകളുടെ പ്രയോക്താവ് :

   (A) ബൊക്കാച്ചിയോ. (B) ഗുണാഢ്യൻ.

   (C) ചോസർ.

5. കാന്റർബറി കഥകൾ കൊണ്ട് പ്രശസ്തനായത് :

   (A) ബൊക്കാച്ചിയോ. (B) ചോസർ.

   (C) ഷേക്സ്പിയർ.

6. ചെറു പൈതങ്ങൾക്ക് ഉപകാരാർത്ഥം ഇംഗ്ലീഷിൽ നിന്ന് പരിഭാഷപ്പെടുത്തിയ കഥകളുടെ പ്രധാന ലക്ഷ്യം :

   (A) മലയാള കഥയെ പരിപോഷിപ്പിക്കൽ. (B) മത പ്രബോധനവും ബൈബിൾ പരിചയവും.

   (C) ഇവ രണ്ടും.

7. 'കാരൂർ' എന്ന് അറിയപ്പെട്ട കഥാകൃത്തിന്റെ മുഴുവൻ പേര് എന്ത് ?

   (A) നീലകണ്ഠപിള്ള. (B) മണികണ്ഠപിള്ള.

   (C) സുബ്രഹ്മണ്യപിള്ള.

CHMK LIBRARY UNIVERSITY OF CALICUT

8. കാരൂരിന്റെ ഏതു കൃതിക്കാണ് 1969-ൽ കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചത് :

(A) മരപ്പാവകൾ. (B) മോതിരം.

(C) അന്നത്തെ കൃതി.

9. കാരൂർ കഥകളെ 'മന്ദസ്മിത പ്രസ്ഥാനം' എന്ന് വിശേഷിപ്പിച്ചതാര് ?

(A) സി.ജെ. തോമസ്. (B) കെ.പി. അപ്പൻ.

(C) കേസരി.

10. എം.ടി.യുടെ കൃതി തിരഞ്ഞെടുക്കുക :

(A) നീർമാതളം പൂത്തകാലം. (B) കണ്ണാന്തളിപ്പൂക്കളുടെ കാലം.

(C) കിഴക്കേ മുറ്റത്തെ ചെമ്പകം.

11. ഒരു കാലത്ത് നാഗരിക ജീവിതത്തിന്റേത് എന്നു കരുതിയിരുന്ന കല്ലിപ്പ് കേരളത്തിലെ നാട്ടിൻപുറത്തുകാരുടെ ജീവിതത്തിലും ബാധിച്ചതിന്റെ തീക്ഷ്ണവും നിശിതവുമായ വിമർശനമാണ് ——————— എന്ന കഥ :

(A) ശിലാലിഖിതം. (B) ഭ്രാന്ത്.

(C) തൽപം.

12. കൂട്ടത്തിൽ ചേരാത്തത് കണ്ടുപിടിക്കുക :

(A) കോവിലൻ. (B) പാറപ്പുറത്ത്.

(C) ഉറൂബ്.

13. വയലാർ അവാർഡ്, വള്ളത്തോൾ പുരസ്കാരം, ലളിതാംബികാ അന്തർജനം സ്മാരക പുരസ്കാരം, എഴുത്തച്ഛൻ പുരസ്കാരം എന്നിവ നേടിയ ടി. പത്മനാഭന്റെ കൃതി :

(A) പുഴ കടന്ന് മരങ്ങളുടെ ഇടയിലേക്ക്. (B) ഗൗരി.

(C) പ്രകാശം പരത്തുന്ന പെൺകുട്ടി.

14. "ഞാൻ കേട്ടതെല്ലാം അമ്മമാരുടെ കരച്ചിലാണ്" സന്ദർഭമേത് ?

(A) ഉത്സവപ്പറമ്പിൽ കഥാപ്രസംഗത്തിനിടെ കറന്റു പോയപ്പോൾ.

(B) ആംബുലൻസിൽ കമല ഡോക്ടറാൽ പീഡിപ്പിക്കപ്പെട്ടപ്പോൾ.

(C) പിറന്നു വീണ പൈതലുകളെ പട്ടാളക്കാരൻ കൊന്നൊടുക്കിയപ്പോൾ.



CHMK LIBRARY UNIVERSITY OF CALICUT

15. 'തൂക്കുമരങ്ങൾ ഞങ്ങൾക്ക്' എന്ന കഥ രചിച്ചത് :

(A) സക്കറിയ. (B) വി.പി. ശിവകുമാർ.

(C) എം. സുകുമാരൻ.

16. 1976-ൽ കേരള സാഹിത്യ അക്കാദമി അവാർഡു നേടിയ കഥാസമാഹാരമാണ് :

(A) മരിച്ചിട്ടില്ലാത്തവരുടെ സ്മാരകങ്ങൾ. (B) അസുര സങ്കീർത്തനം.

(C) തൂക്കുമരങ്ങൾ ഞങ്ങൾക്ക്.

17. "നീതിയുടെ തുലാസ് കൃത്യമായി രണ്ടുപേർക്കും ശിക്ഷ ഒപ്പം അളന്നു തന്നു" ആർക്കൊക്കെ ?

(A) ആരതിപ്പണിക്കാർക്കും മകൾ ദമയന്തിക്കും.

(B) ഇൻസ്പെക്ടർക്കും ടൈഗറിനും.

(C) കലാപകാരിക്കും അയാൾക്ക് അഭയം നൽകിയ വിമുഖനായ സഹകാരിക്കും.

18. 'മേരികൃപ'യിലെ നാൻസിയുടെ മരണത്തിന് ഏതു കഥയുമായി സാദൃശ്യമുണ്ടെന്നാണ് കഥാകൃത്ത് :

(A) നെയ് പായസം. (B) അഗ്നിസാക്ഷി.

(C) കോലാട്.

19. ഇട്ടിയവിരാ ഫ്യൂസ് കെട്ടാൻ പോയപ്പോൾ ശ്രീകോവിലിൽ കണ്ടത് ആരെ ?

(A) ഒരു അമ്മയേയും കുഞ്ഞിനെയും. (B) ഭഗവതിയെ.

(C) ദണ്ഡാരം മോഷ്ടിക്കാൻ കയറിയ കള്ളനെ.

20. "അപകർഷതാ ബോധം കൊണ്ട് കൂനിയും ഞൊണ്ടിയും ആണ് ഈയുള്ളവന്റെ നടപ്പ്. അതിനു പുറമെ ഇതും കൂടിയായാൽ ......." ആരുടെ മനോഗതമാണിത് ?

(A) കൃഷ്ണൻ മാഷിന്റെ. (B) തടവുപുള്ളിയുടെ.

(C) മറിയാമ്മ തുണ്ടത്തിലിന്റെ.

CHMK LIBRARY UNIVERSITY OF CALICUT

C 4267 (Pages : 2) Name.......................................

Reg. No...................................

# SECOND SEMESTER (CUCBCSS–UG) DEGREE EXAMINATION
# APRIL 2021

Malayalam

MAL 2B 02—MALAYALA CHERUKATHA SAHITHYAM

Time : Three Hours Maximum : 80 Marks

I. ഒറ്റവാക്കിൽ ഉത്തരമെഴുതുക :

1 മലയാളത്തിലെ ആദ്യ ചെറുകഥയായി അറിയപ്പെടുന്ന രചന ഏതാണ് ?

2 "ചതുരത്തിൽ ആകാശം കാണുന്ന നാലുകെട്ടിന്റെ നടുമുറ്റമാണ് അവന്റെ മഹാലോകം"—ആരുടെ ?

3 'പൊതിച്ചോറ്' എന്ന അദ്ധ്യാപകകഥ എഴുതിയതാര് ?

4 'ആർക്കറിയാം' എന്ന കഥയുടെ ഇതിവൃത്തം സ്വീകരിച്ചിരിക്കുന്നത് എവിടെ നിന്ന് ?

5 ഏതു കഥാകാരനാണ് 'വൃദ്ധസദനം' എന്ന നോവലെഴുതിയത് ?

6 2003-ൽ എഴുത്തച്ഛൻ പുരസ്കാരം നേടിയ കഥാകാരൻ.

7 'ആരോഗ്യനികേതനം' എന്ന പുസ്തകം സുനിലിന്റെ മടിയിലേക്കെറിഞ്ഞു കൊടുത്തതാര് ?

8 'വാസ്തുഹാര' എന്ന വാക്കിന്റെ അർത്ഥമെന്താണ് ?

9 'തിരുവിതാംകൂർ കഥ'കളുടെ സ്രഷ്ടാവാര് ?

10 'ചിന്തകളുടെ മാറാപ്പില്ലാത്തതു കാരണം ഉടൽവടിവുകളിൽ കാലത്തെ ഒളിപ്പിക്കാനും തടഞ്ഞു നിർത്താനും കഴിയുന്നു അവൾക്ക്'—ആർക്ക് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

11 തന്റെ സാഹസികശ്രമങ്ങൾ പാഴായപ്പോൾ മാർട്ടിൻ എടുത്ത തീരുമാനമെന്ത് ?

12 ജയിലിനെ തടവുകാരുടെ സ്വർഗം എന്നു വിളിക്കുന്നതെന്തുകൊണ്ട് ?

13 'തീരെ ഗതി കെട്ടാൽ കുടിച്ചു ചാകാൻ അവന് വല്ലവരുടെയും കിണറന്വേഷിക്കേണ്ടല്ലോ' — ഈ പരിഹാസത്തിന്റെ അനന്തരഫലം എന്തായിരുന്നു ?

14 'അവളുടെ നിർവികാരമായ മുഖത്ത് ഏതോ ഒരു വികാരം തെളിഞ്ഞത് അയാൾ തലയുയർത്തിയപ്പോൾ മാഞ്ഞു'—ആരുടെ ? ഏതു വികാരം ?

15 മുതിർന്നവരുടെ ഉപദേശങ്ങൾ വിലയുള്ളതെന്ന് 'ചരിത്രപുരുഷൻ' എന്ന കഥയിലെ കേന്ദ്ര കഥാപാത്രം തിരിച്ചറിഞ്ഞതെപ്പോൾ ?

(5 × 2 = 10 marks)

CHMK LIBRARY UNIVERSITY OF CALICUT

Turn over

III. **അഞ്ചു** ചോദ്യത്തിന് 150 വാക്കിൽ കവിയാതെ ഉത്തരമെഴുതുക :

16 വളരെ നാളുകൾക്കു ശേഷം നേരിൽകാണുന്ന മകനോട് ചോദിക്കണമെന്ന് അച്ഛൻ വിചാരിച്ചതെന്തെല്ലാം ?

17 'കൃഷ്ണൻകുട്ടി നിനക്കും ഭ്രാന്താണോ' സുഹൃത്തിന്റെ ഈ ചോദ്യത്തിന്റെ അടിസ്ഥാനമെന്ത് ?

18 ലോക്കപ്പിലെ തടവുകാരുടെ വായിൽ വെള്ളമൂറുന്നതെപ്പോൾ ?

19 വാസ്തുഹാരയിലെ ഭവാനി എന്ന കഥാപാത്രത്തിന്റെ വ്യക്തിത്വ സവിശേഷതകൾ വിവരിക്കുക.

20 'ചിന്തകൾ, ചിതലുകൾ, ചിലപ്പുകൾ ഒന്നുമലട്ടാത്ത ഒരു പല്ലിയെപ്പോലെ ജോസഫ്'—വിവക്ഷിതം വിശദമാക്കുക.

21 ഭഗ്നപ്രണയത്തിന്റെ ഭാവസാന്ദ്രമായ കഥ എന്ന നിലയിൽ 'ചോലമരങ്ങ'ളെ വിലയിരുത്തുക.

22 'പിൻമുറ്റത്തെ മുൾച്ചെടികൾ അവളുടെ പിഞ്ഞിത്തുടങ്ങിയിരുന്ന പട്ടു പാവാടയിൽ പിടിത്തമിട്ടു' —സന്ദർഭവുമായി ബന്ധപ്പെടുത്തി പ്രയോഗഭംഗി വിശദമാക്കുക.

(5 × 5 = 25 marks)

IV. **നാലു** ചോദ്യത്തിന് 300 വാക്കിൽ കവിയാതെ ഉത്തരമെഴുതുക :

23 മലയാളത്തിലെ ആദ്യകാല ചെറുകഥകളുടെ പൊതു സവിശേഷതകൾ പഠനവിധേയമാക്കുക.

24 പുറമെ സാധാരണക്കാരെന്നു തോന്നിക്കുമ്പോഴും ആന്തരികമായി അസാധാരണത്വം പേറുന്നവരാണ് കാരൂരിന്റെ മിക്ക കഥാപാത്രങ്ങളും. 'ഉതുപ്പാൻ' എന്ന കഥാപാത്രത്തെ മുൻനിർത്തി വിശകലനം ചെയ്യുക.

25 അനുഭവങ്ങളെ വക്രീകരിച്ച് അവതരിപ്പിക്കുന്ന രചനാശൈലിയാണ് വി.പി. ശിവകുമാറിന്റേത് 'അമ്മ വന്നു' എന്ന കഥ ഇതെത്രത്തോളം സാധൂകരിക്കുന്നുണ്ടെന്ന് പരിശോധിക്കുക.

26 സക്കറിയയുടെ 'ആർക്കറിയാം', എം. മുകുന്ദന്റെ 'മുണ്ഡനം ചെയ്യപ്പെട്ട ജീവിതം' എന്നീ കഥകൾ മുന്നോട്ടു വയ്ക്കുന്ന ജീവിതദർശനമെന്തെന്നു വിലയിരുത്തുക.

27 വ്യത്യസ്തമായ രണ്ടു സംസ്കാരങ്ങളുടെ സംഘർഷത്തിന്റെയും സമന്വയത്തിന്റെയും തലങ്ങൾ 'വാസ്തുഹാര'യിൽ ആവിഷ്ക്കരിക്കപ്പെടുന്നതെങ്ങനെ ?

28 'പന്തിഭോജനം' എന്ന കഥയുടെ സമകാലികപ്രസക്തി ചർച്ച ചെയ്യുക.

(4 × 10 = 40 marks)

CHMK LIBRARY UNIVERSITY OF CALICUT